| 30–11–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ– നിങ്ങൾ ആത്മീയ വഴികാട്ടികളായി മാറി യാത്രചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം, ഓർമ്മതന്നെയാണ് നിങ്ങളുടെ യാത്ര, ഓർമ്മിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ സന്തോഷത്തിന്റെ അതിര് കടക്കും.**

**ചോദ്യം–** നിരാകാരീ ലോകത്തിലേയ്ക്ക് പോകുമ്പോൾ തന്നെ ഏതൊരു സംസ്ക്കാരമാണ് സമാപ്തമാകുന്നത്, പിന്നെ ഏതൊരു സംസ്ക്കാരമാണ് നിലനിൽക്കുന്നത്?
**ഉത്തരം–** അവിടെ ജ്ഞാനത്തിന്റെ സംസ്ക്കാരം സമാപ്തമാകുന്നു, പ്രാലബ്ധത്തിന്റെ സംസ്ക്കാരം നിലനിൽക്കും. ഈ സംസ്ക്കാരത്തിന്റെ ആധാരത്തിലാണ് നിങ്ങൾ കുട്ടികൾ സത്യയുഗത്തിൽ പ്രാലബ്ധം അനുഭവിക്കുന്നത്, അവിടെ പിന്നീട് പഠിപ്പിന്റേയും പുരുഷാർത്ഥം ചെയ്യുന്നതിന്റേയും സംസ്ക്കാരം ഉണ്ടാകില്ല. പ്രാലബ്ധം ലഭിച്ചാൽ പിന്നെ ജ്ഞാനം അവസാനിക്കുന്നു.

**ഗീതം–** രാത്രിയിലെ യാത്രക്കാരാ ക്ഷീണിക്കരുത്.............

**ഓംശാന്തി**. ഇവിടെ ശിവഭഗവാൻ സന്മുഖത്ത് സംസാരിക്കുകയാണ്. ഗീതയിൽ കാണിക്കുന്നു– ശ്രീകൃഷ്ണ ഭഗവാനുവാചാ പക്ഷേ കൃഷ്ണന് ആ നാമ–രൂപത്തിൽ സന്മുഖത്ത് വരാൻ സാധിക്കില്ല. ഇവിടെയാണെങ്കിൽ സന്മുഖത്ത് പറയുകയാണ്, നിരാകാരനായ ഭഗവാനുവാചാ. കൃഷ്ണവാചാ എന്നു പറഞ്ഞാൽ അത് സാകാരമായിത്തീർന്നു. ആരെല്ലാം വേദ–ശാസ്ത്രങ്ങൾ മുതലായ കേൾപ്പിക്കുന്നുവോ, അവരാരും ഭഗവാനുവാചാ എന്നു പറയുകയില്ല എന്തുകൊണ്ടെന്നാൽ സാധു, സന്യാസി, മഹാത്മാക്കൾ എല്ലാവരും സാകാരത്തിലാണിരിക്കുന്നത്. പിന്നീട് അച്ഛനാണ് പറയുന്നത്– അല്ലയോ ആത്മീയ യാത്രികരേ. ആത്മീയ അച്ഛൻ തീർച്ചയായും ആത്മാക്കളോടാണ് പറയുക കുട്ടികളേ, ക്ഷീണിക്കരുത്. യാത്രയ്ക്കിടയിൽ ആരെങ്കിലും ക്ഷീണിക്കുകയാണെങ്കിൽ അവർ തിരിച്ചുവരും. അത് പരിധിയുള്ള യാത്രയാണ്. ഭിന്ന–ഭിന്ന ക്ഷേത്രങ്ങളിലേയ്ക്ക് ഭൗതീകമായ തീർത്ഥയാത്രകൾ പോകുന്നു. ചിലർ ശിവക്ഷേത്രങ്ങളിലേയ്ക്ക് പോകുന്നു, അവിടെയെല്ലാം ഭക്തിമാർഗ്ഗത്തിലെ ഭൗതീകചിത്രങ്ങൾ വെച്ചിരിക്കുന്നു. ഇവിടെ സുപ്രീം സോൾ പരമപിതാ പരമാത്മാവ് ആത്മാക്കളോട് പറയുന്നു മക്കളേ, ഇപ്പോൾ എന്നിൽ മാത്രം ബുദ്ധിയോഗം വെയ്ക്കു ഒപ്പം ജ്ഞാനവും നൽകുന്നു. തീർത്ഥാടനങ്ങൾക്ക് പോകുമ്പോൾ അവിടേയും ബ്രാഹ്മണർ ഇരിക്കുന്നുണ്ടാകും, കഥകളും കീർത്തനങ്ങളും കേൾപ്പിക്കും. നിങ്ങളുടേത് നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള സത്യനാരായണന്റെ ഒരേ ഒരു കഥയാണ്. നിങ്ങൾക്ക് അറിയാം ആദ്യം മധുരമായ വീട്ടിലേയ്ക്ക് പോകും അതിനുശേഷം വിഷ്ണുപുരിയിലേയ്ക്ക് വരും. ഈ സമയം നിങ്ങൾ ബ്രഹ്മാപുരിയിലാണ്, ഇതിനെ അച്ഛന്റെ വീട് എന്നാണ് പറയുക. നിങ്ങൾക്ക് ആഭരണങ്ങളൊന്നും ഇല്ല എന്തുകൊണ്ടെന്നാൽ നിങ്ങൾ അച്ഛന്റെ വീട്ടിലാണ്. നിങ്ങൾക്ക് അറിയാം ഭർത്തൃപിതാവിന്റെ ഗൃഹത്തിൽ നമുക്ക് അപാരസുഖം ലഭിക്കും. ഇവിടെ കലിയുഗത്തിലെ ഭർത്തൃപിതാവിന്റെ ഗൃഹത്തിലാണെങ്കിൽ അപാരദുഃഖമാണ്. നിങ്ങൾക്ക് അക്കരെ സുഖധാമത്തിലേയ്ക്കാണ് പോകേണ്ടത്. ഇവിടെനിന്നും ട്രാൻസ്ഫറാകണം. അച്ഛൻ എല്ലാവരേയും നയനങ്ങളിൽ ഇരുത്തി കൊണ്ടുപോകും. കൃഷ്ണനെ അച്ഛൻ കൂടയിൽ വെച്ച് അക്കരെ കൊണ്ടുപോകുന്നതായി കാണിച്ചിട്ടുണ്ടല്ലോ ഇവിടെ പരിധിയില്ലാത്ത അച്ഛൻ നിങ്ങൾ കുട്ടികളെ അക്കരെ ഭർത്തൃപിതാവിന്റെ ഗൃഹത്തിലേയ്ക്ക് കൊണ്ടുപോവുകയാണ്. ആദ്യം നമ്മുടെ നിരാകാരീ വീട്ടിലേയ്ക്ക് കൊണ്ടുപോകും പിന്നീട് ഭർത്തൃപിതാവിന്റെ ഗൃഹത്തിലേയ്ക്ക് അയയ്ക്കും. അവിടെയെത്തുമ്പോൾ പിതാവിന്റെ വീടിനേയും ഭർത്തൃപിതാവിന്റെ ഗൃഹത്തേയും എല്ലാം മറക്കും. അത് നിരാകാരിയായ അച്ഛന്റെ വീടാണ്, അവിടെ ഈ ജ്ഞാനം മുഴുവൻ മറക്കും, ജ്ഞാനത്തിന്റെ സംസ്ക്കാരം ഇല്ലാതാകും പ്രാലബ്ധത്തിന്റെ സംസ്ക്കാരം മാത്രം നിലനിൽക്കും. പിന്നീട് നിങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽ പ്രാലബ്ധം മാത്രമേയുണ്ടാകൂ. പ്രാലബ്ധത്തിന്റെ ആധാരത്തിൽ ചെന്ന് സുഖമുള്ള ജന്മങ്ങളെടുക്കും. സുഖധാമത്തിലേയ്ക്കു പോകണം. പ്രാലബ്ധം ലഭിച്ചാൽ ജ്ഞാനം അവസാനിക്കും. നിങ്ങൾക്ക് അറിയാം പ്രാലബ്ധത്തിൽ നിങ്ങൾ അതേ പാർട്ടാണ് വീണ്ടും അഭിനയിക്കുക. നിങ്ങളുടെ സംസ്ക്കാരം തന്നെ പ്രാലബ്ധത്തിന്റേതാകും. ഇപ്പോളുള്ളത് പരുഷാർത്ഥത്തിന്റെ സംസ്ക്കാരമാണ്. പുരുഷാർത്ഥത്തിന്റെ സംസ്ക്കാരം പ്രാലബ്ധത്തിന്റെ സംസ്ക്കാരം രണ്ടും അവിടെയുണ്ടാകില്ല. അവിടെ ഈ ജ്ഞാനം ഉണ്ടാകില്ല. അതിനാൽ ഇത് നിങ്ങളുടെ ആത്മീയ യാത്രയാണ് നിങ്ങളുടെ മുഖ്യവഴികാട്ടി അച്ഛനാണ്. നിങ്ങളും പെട്ടെന്ന് തന്നെ ആത്മീയ വഴികാട്ടികളായിത്തീരുന്നു, എല്ലാവരേയും കൂടെ കൊണ്ടുപോകുന്നു. അവർ ഭൗതീക വഴികാട്ടികളാണ്, നിങ്ങൾ ആത്മീയ വഴികാട്ടികളും. അവർ വളരെ ആഘോഷത്തോടെ അമർനാഥിലേയ്ക്ക് പോകുന്നു, വളരെ വലിയ കൂട്ടങ്ങളായി പ്രധാനമായും അമർനാഥിലേയ്ക്കാണ് വളരെ ആഘോഷപൂർവ്വം പോകുന്നത്. ബാബ കണ്ടി

ട്ടുണ്ട് എത്ര സാധു സന്യാസിമാരാണ് പാട്ടും മേളവുമായി കൂട്ടിക്കൊണ്ടുപോകുന്നത്. കൂടെ ഡോക്ടറേയും കൊണ്ടുപോകും എന്തെന്നാൽ തണുപ്പുള്ള സമയമായിരിക്കും. ചിലർക്ക് അസുഖം ഉണ്ടാകുന്നു. നിങ്ങളുടെ യാത്രയാണെങ്കിൽ അതി സഹജമാണ്. അച്ഛൻ പറയുന്നു ഓർമ്മയിൽ ഇരിക്കുന്നതുതന്നെയാണ് നിങ്ങളുടെ യാത്ര. ഓർമ്മ മുഖ്യമാണ്. കുട്ടികൾ ഓർമ്മിച്ചുകൊണ്ടേയിരുന്നാൽ സന്തോഷത്തിന് അതിരുണ്ടാകില്ല. കൂടെ മറ്റുള്ളവരേയും യാത്രയ്ക്ക് കൊണ്ടുപോകണം. ഈ യാത്ര ഒരു തവണയാണ് ഉണ്ടാകുന്നത്. ആ ഭൗതീക യാത്രകളാണെങ്കിൽ ഭക്തിഭാർഗ്ഗത്തിൽ ആരംഭിച്ചതാണ്. അതും ഭക്തിയുടെ ആരംഭത്തിലൊന്നും ഉണ്ടായിരുന്നില്ല. പെട്ടെന്ന് ഒന്നും ക്ഷേത്രങ്ങളും ചിത്രങ്ങളും ഉണ്ടാകില്ല. അതെല്ലാം പതുക്കെ പതുക്കെ പിന്നീടാണ് ഉണ്ടാകുന്നത്. ആദ്യമാദ്യം ശിവക്ഷേത്രങ്ങളാണ് ഉണ്ടാവുക. അതും ആദ്യം സോമനാഥക്ഷേത്രം വീട്ടിൽ തന്നെയാണ് ഉണ്ടാക്കുന്നത് അതിനാൽ എവിടേയ്ക്കും പോകേണ്ട ആവശ്യം വരില്ല. ഈ ക്ഷേത്രങ്ങളെല്ലാം പിന്നീടാണ് ഉണ്ടാകുന്നത്, സമയമെടുക്കും. പതുക്കെ പതുക്കെ പുതിയ ശാസ്ത്രങ്ങൾ, പുതിയ ചിത്രങ്ങൾ, പുതിയ ക്ഷേത്രങ്ങൾ മുതലായവയുണ്ടാക്കും. സമയം എടുക്കും എന്തുകൊണ്ടെന്നാൽ അത്  പഠിക്കാനും ആളുകൾ വേണ്ടേ. മഠങ്ങൾ വൃദ്ധിപ്രാപിക്കും പിന്നീട് ശാസ്ത്രങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ചിന്തിക്കും. ഇത്രയും തീർത്ഥസ്ഥാനങ്ങൾ, ക്ഷേത്രങ്ങൾ, ചിത്രങ്ങൾ എന്നിവ നിർമ്മിച്ചിരിക്കുന്നു, ഇവ നിർമ്മിക്കാൻ സമയം എടുക്കുമല്ലോ. ഭക്തിമാർഗ്ഗം ദ്വാപരത്തിൽ ആരംഭിച്ചു എന്ന് പറയുന്നു പക്ഷേ സമയം എടുക്കുമല്ലോ. പിന്നീട് കലകൾ കുറഞ്ഞുകൊണ്ടിരിക്കും. ആദ്യം അവ്യഭിചാരീ ഭക്തിയുണ്ടാകുന്നു പിന്നീട് വ്യപിചാരീ ഭക്തിയായിത്തീരുന്നു. ഈ കാര്യങ്ങളെല്ലാം ചിത്രങ്ങളിലൂടെ വളരെ നല്ലരീതിയിൽ സിദ്ധമാക്കിക്കൊടുക്കണം. ചിത്രങ്ങൾ ഇങ്ങനെ ഇങ്ങനെയെല്ലാമാണ് ഉണ്ടാക്കിയത്, ഇന്ന ഇന്ന കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കണം എന്നത് മനസ്സിലാക്കിക്കൊടുക്കുന്നവരുടെ ബുദ്ധിയിൽ ഓടിക്കൊണ്ടിരിക്കണം. എല്ലാവരുടേയും ബുദ്ധിയിൽ ഇത് ഓടില്ല. നമ്പർവൈസല്ലേ. ചിലരുടെ ബുദ്ധിയിൽ ഒന്നും തന്നെ നിൽക്കുന്നില്ല, അവർ പിന്നീട് അങ്ങനെയുള്ള പദവിയായിരിക്കും നേടുക. അവർ എന്തായി മാറും? എന്നത് മനസ്സിലാകും. എത്രത്തോളം മുന്നോട്ട് പോകുന്നുവോ അത്രത്തോളം മനസ്സിലായിക്കൊണ്ടിരിക്കും. യുദ്ധം നടക്കുമ്പോൾ പ്രാക്ടിക്കലായി കാണും. പിന്നീട് വളരെയധികം പശ്ചാത്തപിക്കും. ആ സമയത്ത് പഠിക്കാനും പറ്റില്ല. യുദ്ധത്തിന്റെ സമയത്ത് രക്ഷിക്കൂ രക്ഷിക്കൂ എന്ന നിലവിളിമാത്രം ഉയരും, കേട്ടുനിൽക്കാൻ സാധിക്കില്ല. എന്തു സംഭവിക്കുമെന്ന് അറിയില്ല. പാർട്ടീഷ്യൻ നടന്നപ്പോൾ എന്തെല്ലാമാണ് സംഭവിച്ചത് എന്നത് കണ്ടതല്ലേ. ഈ വിനാശത്തിന്റെ സമയം വളരെ കടുത്തതാണ്. ങ്ഹാ, ബാക്കി സാക്ഷാത്ക്കാരമൊക്കെയുണ്ടാകും, അതിലൂടെ മനസ്സിലാകും ഇവർ എത്ര പഠിച്ചു. വളരെയധികം പശ്ചാത്തപിക്കും പിന്നെ സാക്ഷാത്ക്കാരവുമുണ്ടാകും– നോക്കൂ നിങ്ങൾ പഠിപ്പ് ഉപേക്ഷിച്ചതുകൊണ്ടാണ് ഈ സ്ഥിതിയുണ്ടായത്. സാക്ഷാത്ക്കാരം കാണിച്ചുതരാതെ ധർമ്മരാജന് എങ്ങനെ ശിക്ഷ നൽകാൻ കഴിയും? എല്ലാം സാക്ഷാത്ക്കാരത്തിലൂടെ കാണിച്ചുതരും. പിന്നീട് ആ സമയത്ത് ഒന്നും ചെയ്യാൻ പറ്റില്ല. പറയും അയ്യോ എന്റെ ഭാഗ്യം. ഉപായങ്ങളുടെ സമയം കഴിഞ്ഞിരിക്കുന്നു. അതിനാൽ ബാബ ചോദിക്കുന്നു നിങ്ങൾ ഇപ്പോൾ എന്തുകൊണ്ട് പുരുഷാർത്ഥം ചെയ്യുന്നില്ല. സേവനത്തിലൂടെയേ ഹൃദയത്തിൽ കയറാൻ കഴിയൂ. അച്ഛൻ പറയും ഈ കുട്ടി നന്നായി സേവനം ചെയ്യുന്നു. പട്ടാളത്തിലെ ആരെങ്കിലും മരിക്കുകയാണെങ്കിൽ അലരുടെ മിത്ര സംബന്ധികൾക്കും സമ്മാനം ലഭിക്കുന്നു. ഇവിടെ നിങ്ങൾക്ക് സമ്മാനം നൽകുന്നത് പരിധിയില്ലാത്ത അച്ഛനാണ്. അച്ഛനിൽ നിന്ന് ഭാവിയിലെ 21 ജന്മങ്ങളുടെ സമ്മാനം ലഭിക്കുന്നു. എല്ലാവരും തന്റെ ഹൃദയത്തിൽ കൈവെച്ച് തന്നോടുതന്നെ ചോദിക്കണം ഞാൻ എത്രത്തോളം പഠിക്കുന്നുണ്ട്. ധാരണയാകുന്നില്ല അർത്ഥം ഭാഗ്യത്തിലില്ല. പറയും അത്രയും മോശമായ കർമ്മങ്ങളായിരിക്കും ചെയ്തത്. വളരെ മോശമായ കർമ്മങ്ങൾ ചെയ്തവർക്ക് ഒന്നും എടുക്കാൻ സാധിക്കില്ല.

അച്ഛൻ മനസ്സിലാക്കിത്തരുന്നു– മധുരമായ കുട്ടികളേ, നിങ്ങൾ ഈ ആത്മീയ യാത്രയിൽ നിങ്ങളുടെ കൂട്ടുകാരേയും കൊണ്ടുപോകണം. എല്ലാവരോടും ഈ യാത്രയുടെ കാര്യം പറയുക എന്നത് കടമയാണ്. പറയൂ, ഇത് ഞങ്ങളുടെ ആത്മീയ യാത്രയാണ്. അത് ഭൗതീകമാണ്. റങ്കൂണിൽ ഒരു തിളക്കമുള്ള കുളമുള്ളതായി കാണിക്കുന്നു, അവിടെ സ്നാനം ചെയ്യുന്നതിലൂടെ മാലാഖയായിത്തീരുമെന്നാണ് വിശ്വാസം. പക്ഷേ മാലാഖയായി മാറുന്നില്ല. ഇത് ജ്ഞാനസ്നാനം ചെയ്യുന്നുതിന്റെ കാര്യമാണ്, ഇതിലൂടെ നിങ്ങൾ സ്വർഗ്ഗത്തിലെ മഹാറാണിയായി മാറും പിന്നെ ജ്ഞാനയോഗ ബലത്തിലൂടെ വൈകുണ്ഠത്തിലേയ്ക്ക് വരുന്നതും പോകുന്നതും നിങ്ങൾക്ക് വളരെ സാധാരണമായ കാര്യമാണ്. എന്നാലും നിങ്ങളെ തടയുന്നു, മിനിറ്റിന് മിനിറ്റിന് ധ്യാനത്തിലേയ്ക്ക് പോകരുത്, അത് ശീലമാകും. ഇത് ജ്ഞാനമാനസരോവരമാണ്, പരമപിതാ പരമാത്മാവ് വന്ന് ഈ മനുഷ്യശരീരത്തിലൂടെ ജ്ഞാനം കേൾപ്പിക്കുന്നു, അതിനാലാണ് ഇവിടം മാനസരോവരമായത്. മാനസരോരം എന്ന വാക്ക് സാഗരത്തിൽ നിന്നാണ് വരുന്നത്. ജ്ഞാനസാഗരത്തിൽ സ്നാനം ചെയ്യുന്നത് വളരെ നല്ലതാണ്. സ്വർഗ്ഗത്തിലുള്ള മാലാഖയെ മഹാറാണി എന്നാണ് പറയുന്നത്. അച്ഛനും പറയുന്നു നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാകു. കുട്ടികളുടെമേൽ സ്നേഹമുണ്ട്. എല്ലാവരോടും ദയ

തോന്നുന്നു, സന്യാസിമാരോടും ദയ തോന്നുന്നു. സന്യാസിവര്യന്മാരുടേയും ഉദ്ധാരണം ഉണ്ടാകുമെന്ന് ഗീതയിലും എഴുതിയിട്ടുണ്ട്. ഉദ്ധാരണം ഉണ്ടാകുന്നത് ജ്ഞാനയോഗത്തിലൂടെയാണ്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള സാമാർത്ഥ്യം വേണം. പറയൂ, നിങ്ങൾക്ക് എല്ലാം അറിയാം പക്ഷേ അതെല്ലാം മോരാണ്, ബാക്കി വെണ്ണ കഴിപ്പിക്കുന്ന ആളെ നിങ്ങൾക്ക് അറിയുകതന്നെയില്ല. അച്ഛൻ എത്ര നല്ലരീതിയിലാണ് മനസ്സിലാക്കിത്തുന്നത്. പക്ഷേ എന്നിട്ടും ആരുടേയെങ്കിലും ബുദ്ധിയിൽ ഇരിക്കണ്ടേ. അച്ഛനെ അറിയുന്നതിലൂടെ മനുഷ്യൻ വജ്രതുല്യമായിമാറുന്നു, അറിയാത്ത കാരണത്താൽ മനഷ്യൻ കക്കയ്ക്കുതുല്യം തീർത്തും പതിതമാണ്. അച്ഛനെ അറിയുന്നതിനാലാണ് പാവനമാകുന്നത്. പതിതലോകത്തിൽ പാവനമായി ആരുമുണ്ടാകില്ല. മഹാരഥികളായ കുട്ടികൾക്ക് ഇത് നല്ലരീതിയിൽ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. എത്രയധികം ബ്രഹ്മാകുമാരിമാരും– ബ്രഹ്മാകുമാരന്മാരുമുണ്ട്. പ്രജാപിതാ ബ്രഹ്മാവ് എന്ന നാമവും പ്രസിദ്ധമാണ്. ഇത് പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്. ബ്രഹ്മാവിനാണ് 100 കൈകൾ, 1000 കൈകൾ കാണിക്കുന്നത്. ഇതും മനസ്സിലാക്കിത്തരുകയാണ് ഇത്രയധികം കൈകൾ ഉണ്ടാവില്ല. ബാക്കി ബ്രഹ്മാവും കുട്ടിതന്നെയാണ്. ബ്രഹ്മാവ് ആരുടെ കുട്ടിയാണ്? ബ്രഹ്മാവിനും അച്ഛനുണ്ടല്ലോ. ബ്രഹ്മാവ് ശിവബാബയുടെ കുട്ടിയാണ്. മറ്റാർക്ക് ബ്രഹ്മാവിന്റെ പിതാവാകാൻ സാധിക്കും? മനുഷ്യർക്കാർക്കും ആവാൻ സാധിക്കില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാർ സൂക്ഷ്മവതന വാസികളാണെന്നാണ് പാടിയിട്ടുള്ളത്. അവരിവിടെ വരുക സാധ്യമല്ല. പ്രജാപിതാ ബ്രഹ്മാവ് തീർച്ചയായും ഇവിടെയായിരിക്കും ഉണ്ടാവുക. സൂക്ഷ്മവതനത്തിൽ പ്രജാപിതാവ് രചന രചിക്കില്ല. പരമപിതാ പരമാത്മാവ് വന്ന് ബ്രഹ്മാമുഖത്തിലൂടെ ശക്തിസേനയെ രചിക്കുന്നു. ആദ്യമാദ്യം നമ്മൾ ബ്രഹ്മാമുഖവംശാവലികളാണെന്ന പരിചയം നൽകണം. നിങ്ങളും ബ്രഹ്മാവിന്റെ കുട്ടികളല്ലേ. പ്രജാപിതാബ്രഹ്മാവാണ് എല്ലാവരുടേയും അച്ഛൻ. പിന്നീട് അവരിൽ നിന്നും അനേകം ശാഖകൾ ഉണ്ടാകുന്നു, പേര് മാറുന്നു. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരാണ്. പ്രാക്ടിക്കലിൽ നോക്കൂ പ്രജാപിതാബ്രഹ്മാവിന് എത്ര കുട്ടികളാണ്. തീർച്ചയായും കുട്ടികൾക്ക് സമ്പത്ത് ലഭിക്കും. ബ്രഹ്മാബാബയുടെ കൈവശം സമ്പത്ത് ഒന്നുമില്ല, സമ്പത്ത് ശിവബാബയുടെ കൈയ്യിലാണ്. ബ്രഹ്മാവിനും സമ്പത്ത് ലഭിക്കുന്നത് ശിവബാബയിൽ നിന്നാണ്. പരിധിയില്ലാത്ത അച്ഛനിൽ നിന്നു തന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. ബ്രഹ്മാവിലൂടെ ശിവബാബ ഇരുന്ന് പഠിപ്പിക്കുകയാണ്. നമുക്ക് മുത്തച്ഛനിൽ നിന്നാണ് സമ്പത്ത് ലഭിക്കുന്നത്. ബാബ വളരെയധികം മനസ്സിലാക്കിത്തരുന്നുണ്ട്, പക്ഷേ യോഗമില്ല. നിയമാനുസരണം നടക്കുന്നില്ലെങ്കിൽ ബാബ എന്തുചെയ്യാനാണ്. ബാബ പറയും അവരുടെ ഭാഗ്യം. അഥവാ ബാബയോട് ചോദിക്കുകയാണെങ്കിൽ ബാബയ്ക്ക് പറയാൻ സാധിക്കും– ഈ അവസ്ഥയിൽ നിങ്ങൾക്ക് എന്ത് പദവി ലഭിക്കും? മനസ്സും സാക്ഷി പറയും, ഞാൻ എത്ര സേവനം ചെയ്യുന്നുണ്ട്? ശ്രീമത്ത് അനുസരിച്ച് എത്രത്തോളം നടക്കുന്നുണ്ട്? ശ്രീമത്ത് നൽകുന്നു മന്മനാഭവ. എല്ലാവർക്കും അച്ഛന്റേയും സമ്പത്തിന്റേയും പരിചയം നൽകിക്കൊണ്ടിരിക്കുന്നു, പെരുമ്പറ മുഴക്കുന്നു. ബാബ സൂചന നൽകുന്നുണ്ട്, നിങ്ങൾ ഗവൺമെന്റിനേയും അറിയിക്കണം. ഭാരതത്തിന്റെ ശക്തിമുഴുവൻ നഷ്ടപ്പെട്ടിരിക്കുന്നു എന്നത് അവരും മനസ്സിലാക്കണം. പരമപിതാ പരമാത്മാ സർവ്വശക്തിവാനുമായി യോഗമില്ല. ബാബയുമായി യോഗം വെയ്ക്കുകയാണെങ്കിൽ നിങ്ങൾ തീർത്തും വിശ്വത്തിന്റെ അധികാരിയായി മാറും, മായയോട് വിജയം നേടും. ഗ്രഹസ്ഥവ്യവഹാരത്തിൽ ഇരുന്നുകൊണ്ടും നിങ്ങൾ മായയെ വിജയിക്കണം. ബാബ നമ്മുടെ സഹായിയാണ്. എത്രത്തോളം മനസ്സിലാക്കിത്തരുന്നു, ധാരണ ചെയ്യേണ്ടതുണ്ട്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ധനം നൽകാതെ ധനം വർദ്ധിക്കില്ല. സേവനം ചെയ്യുമ്പോഴേ ബാബയുടെ ഹൃദയത്തിൽ കയറാൻ കഴിയൂ. അല്ലെങ്കിൽ അസാധ്യമാണ്. ഇതിനർത്ഥം ബാബയ്ക്ക് സ്നേഹമില്ല എന്നല്ല. ബാബ സർവ്വീസബിളായ കുട്ടികളേയാണ് സ്നേഹിക്കുക. പരിശ്രമിക്കണം. എല്ലാവരേയും യാത്രയ്ക്ക് യോഗ്യരാക്കണം. മന്മനാഭവ. ഇതാണ് ആത്മീയ യാത്ര, എന്നെ ഓർമ്മിക്കുകയാണെങ്കിൽ എന്റെ അടുത്തെത്തും. ശിവപുരിയിൽ വന്നിട്ട് പിന്നീട് വിഷ്ണുപുരിയിലേയ്ക്കുപോകും. ഈ കാര്യങ്ങളെല്ലാം നിങ്ങൾ കുട്ടികൾ മാത്രമാണ് അറിയുന്നത്. വളരെ അധികം കാര്യങ്ങൾ പഠിക്കുന്നുണ്ട് എന്നിട്ടും ബാക്കി ആരും മന്മനാഭവയുടെ അർത്ഥം മനസ്സിലാക്കുന്നില്ല. അച്ഛൻ മഹാമന്ത്രം നൽകുകയാണ്, എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മാജീത്തായിത്തീരും. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. ജ്ഞാനസ്നാനം ചെയ്യണം. സ്നേഹത്തോടെ സേവനം ചെയ്ത് അച്ഛന്റെ ഹൃദയസിംഹാസനത്തിൽ ഇരിക്കണം. പുരുഷാർത്ഥത്തിന്റെ സമയത്ത് അലസരാവരുത്.

2. അച്ഛന്റെ കൺപീലിയിൽ ഇരുന്ന് കലിയുഗീ ദുഃഖധാമത്തിൽ നിന്നും സുഖധാമത്തിലേയ്ക്ക് പോകണം അതിനാൽ തന്റേതെല്ലാം ട്രാൻസ്ഫർ ചെയ്യണം.

## വരദാനം - ജീവിതത്തിൽ ദിവ്യഗുണങ്ങളുടെ പൂക്കളുടെ പൂന്തോട്ടത്തിലൂടെ സമൃദ്ധി യുടെ അനുഭവം ചെയ്യുന്ന എവർഹാപ്പിയായി ഭവിക്കട്ടെ.

സദാ സമൃദ്ധി എന്നാൽ നിറഞ്ഞ് സമ്പന്നം. ആദ്യം മുള്ളുകളുടെ കാട്ടിലായിരുന്നു ജീവിതം. ഇപ്പോൾ പുഷ്പങ്ങളുടെ പൂന്തോട്ടത്തിലേക്കു വന്നു. സദാ ജീവിതത്തിൽ ദിവ്യഗുണങ്ങളുടെ പൂക്കളുടെ പൂന്തോട്ടമായിരിക്കുന്നു. അതിനാൽ താങ്കളുടെ സമ്പർക്കത്തിലേക്ക് ആരു വന്നാലും അവർക്ക് ദിവ്യഗുണങ്ങളുടെ പുഷ്പങ്ങളുടെ സുഗന്ധം വന്നുകൊണ്ടിരിക്കും, സമൃദ്ധി കണ്ട് സന്തുഷ്ടരാകും, ശക്തിയുടെ അനുഭവം ചെയ്യും. സമൃദ്ധി മറ്റുള്ളവരെയും ശക്തിശാലിയാക്കുന്നു, സന്തോഷത്തിലേക്കു കൊണ്ടുവരുന്നു, അതിനാൽ താങ്കൾ പറയുന്നു ഞാൻ എവർഹാപ്പിയാണ്.

## സ്ലോഗൻ - മാസ്റ്റർ സർവശക്തിവാൻ അവരാണ്, ആരാണോ മായയുടെ കുമിളകളെ ഭയക്കുന്നതിനു പകരം അവയോട് കളിക്കുന്നത്